പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1280 21.03.2013 -ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോട് ചേർന്നുള്ള അധിക സ്ഥലം വികസിപ്പിക്കുവാൻ നടപടി**

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി.ശശി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :

ഉത്തരം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോടു ചേർന്നുള്ള അധിക സ്ഥലം വികസിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ?

(എ) ഐ.സി. 2012 കോൺഫറൻസിൽ ഇത്തരം സ്ഥലങ്ങൾ ഏറ്റെടുത്ത് വികസിപ്പിക്കുവാൻ 'ഓക്സ്ബോ ലാന്റ് '' വികസനം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവ പൊതുജന പങ്കാളിത്തത്തോടുകൂടി സ്ഥാപിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു.

ദേശീയപാതയുടെ ഓരങ്ങളിലുള്ള അധിക സ്ഥലങ്ങൾ കേന്ദ്രമന്ത്രാലയത്തിന്റെ ഉടമസ്ഥതയിലാണ്. ആയത് വികസിപ്പിയ്ക്കുന്നത് നിബന്ധനകൾക്ക് വിധേയമായി കേന്ദ്രമന്ത്രാലയം തന്നെ ആണ്.

കെ.എസ്.റ്റി.പി. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി 254 കി.മീ. റോഡിന്റെ അപ്ഗ്രഡേഷൻ നടപ്പിലാക്കി. പ്രസ്തുത റോഡുകളോട് ചേർന്നുള്ള അധിക സ്ഥലത്തിന്റെ (Oxbow Land) വിശദമായ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച അനന്തര നടപടികൾ റോഡ് ഫണ്ട് ബോർഡ് സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമിയിൽ പെട്രോൾ പമ്പ്, ടോയ്ലറ്റ് സൗകര്യങ്ങൾ, ഹോട്ടലുകൾ, വിശ്രമകേന്ദ്രം എന്നിവ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ഭ